കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ. പി12-805/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 15/07/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്

നമ്പർ: പി12-805/2025 കെ.എസ്.എ.പി.റ്റി.എ. തീയ്യതി: 15/07/2025

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ദ്ധ എസ്സ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	03-06-2025	10-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
03-06-2025	10-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി വീണ സി, ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അഖിൽ എസ്സ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ആർ.തുളസീധരൻപിള്ള	പ്രസിഡന്റ്	01-04-2024	16-01-2025
ശ്രീമതി കുഞ്ഞന്നാമ്മക്കുഞ്ഞ്	പ്രസിഡന്റ്	17-01-2025	06-02-2025
ശ്രീമതി എം പി മണിയമ്മ	പ്രസിഡന്റ്	07-02-2025	31-03-2025
ശ്രീ രാജേഷ് ആർ നാഥ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി റാണി പി ജി	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ റോഷൻ ജോർജ്	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2024	13-08-2024
ശ്രീമതി സബ്ന സൈനുദ്ദീൻ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ(അഡീഷണൽ ചാർജ്ജ്)	14-08-2024	04-12-2024
ശ്രീമതി റോണി വർഗ്ഗീസ്	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	05-12-2024	31-03-2025
ഡോ വിപിൻ എ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	01-04-2024	26-05-2024
ഡോ സുചിത്ര കെ ജി	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	27-05-2024	31-03-2025
ശ്രീ പ്രദീപ് കുമാർ കെ	ക്ഷീര വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ വിപിൻ ചന്ദ്രലാൽ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	01-07-2024
ശ്രീമതി ജ്യോതി ജെ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	02-07-2024	31-03-2025
ശ്രീമതി ഷംല എ	സി.ഡി.പി.ഒ	01-04-2024	31-03-2025
ശ്രീമതി പ്രിയാകുമാരി	ശിശുവികസന പദ്ധതി ഓഫീസർ	01-04-2024	11-07-2024
ശ്രീമതി അർച്ചന എ ആർ	ശിശുവികസന പദ്ധതി ഓഫീസർ	12-07-2024	31-03-2025
ശ്രീമതി ആഷ്ന വി എ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-1
3	ബാലൻസ് ഷീറ്റ് - B11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം കൃത്യമല്ല	1-1-2
4	ഡെപ്പോസിറ്റ് രജിസ്റ്റർ - രേഖപ്പെടുത്തൽ പൂർണ്ണമല്ല	1-1-3
5	പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-4
6	സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ - കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല	1-1-5
7	വാടക കുടിശ്ശിക - തുകകൾ കൃത്യമല്ല	1-1-6
8	ഗ്രാന്റുകളുടെ ചെലവ് – സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക നില	1-3
12	ഗ്രാന്റ് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-6
15	ക്യാഷ് പരിശോധന	1-7
16	ആഭ്യന്തര നിയന്ത്രണം	1-8
17	കാലഹരണപ്പെട്ട സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല	1-9
18	കടമുറികളുടെ വാടകക്കുടിശ്ശിക - റിക്കവറി നടപടി പൂർണ്ണമായില്ല	1-10
19	സാംഖ്യാ രസീതുകളുടെ വിനിയോഗം സുതാര്യമല്ല	1-11
20	വനിതാ വിപണന കേന്ദ്രത്തിന് 5 വർഷം മുമ്പ് പണിത കെട്ടിടം നിഷ്ക്രിയ ആസ്തി ആയി പരിണമിച്ചു	1-12
21	ഗ്രാമപ്പഞ്ചായത്തുകളുടെ അനുമതി വാങ്ങാതെ അവരുടെ ആസ്തികളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തി	1-13
22	ഗ്രാമപ്പഞ്ചായത്തുകളുടെ അധീനതയിലുള്ള 6 മീറ്ററിൽ താഴെ വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് പദ്ധതികൾ നടപ്പാക്കി	1-14
23	കരാർ നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചില്ല	1-15
24	അസൗകര്യങ്ങൾക്ക് നടുവിൽ സാമൂഹികാരോഗ്യ കേന്ദ്രം; പുതുതായി നിർമ്മിച്ച കെട്ടിടം പ്രവർത്തനസജ്ജമാക്കിയില്ല	1-16
25	ആസ്തികളുടെ ഡിജിറ്റലൈസേഷന് നടപടികളില്ല	1-17
26	ദിവസവേതന ജീവനക്കാരന് വികസന ഫണ്ടിൽ നിന്നും വേതനം നൽകി	1-18
27	കൃഷിക്കൂട്ടങ്ങൾക്ക് വിത്തും വളവും - വിതരണ രേഖകൾ പൂർണ്ണമല്ല	1-19
28	ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവു ചെലവു കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല	1-20
29	സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല	1-21
30	ഗ്രന്ഥശാലകൾക്കുള്ള കംപ്യൂട്ടറുകൾ ലഭ്യമായില്ല	1-22

31	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല	1-23
32	റോഡിതര മെയിന്റനൻസ് ഫണ്ട് സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു	1-24
33	വാഹനങ്ങൾ VEELS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ല	1-25
34	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്കിയതിന്റെ വിവരം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3 എന്നിവ പ്രകാരവും, സംസ്ഥാന/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചും 22.05.2025-ലെ 3(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

15/07/2025
പത്തനംതിട്ട

1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-2 ബാലൻസ് ഷീറ്റ് - B11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ മൂല്യം കൃത്യമല്ല

26/07/2011-ലെ ജി.ഒ.(എം.എസ്)നം.152/2011/തസ്വഭവ നമ്പർ ഉത്തരവിലെ

നിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥിര ആസ്തികളിൽ ഗ്രാമപ്പഞ്ചായത്തുകളുടെ ആസ്തികളായ മാർക്കറ്റ്, റോഡുകൾ, കുടിവെള്ള പൈപ്പ് ലൈനുകൾ, വൈദ്യുത ലൈനുകൾ ഇവ ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-3 ഡെപ്പോസിറ്റ് രജിസ്റ്റർ - രേഖപ്പെടുത്തൽ പൂർണ്ണമല്ല

ഷെഡ്യൂൾ B7 : ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിലുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-1-4 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ B11(a) : 'ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്' എന്ന ഹെഡ്ഡിൽ പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ മൂല്യം ചേർത്തിട്ടില്ല. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ നിരവധി പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശേഷിക്കുന്നുണ്ട്.

1-1-5 സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ - കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ B9 : സർക്കാരിലേക്ക് അടവാക്കേണ്ട തുകകളെ സംബന്ധിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ B9 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-6 വാടക കുടിശ്ശിക - തുകകൾ കൃത്യമല്ല

വാർഷിക കണക്കുകൾ പ്രകാരമുള്ള കുടിശ്ശിക തുകയും (265000 രൂപ) വാടക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയ കുടിശ്ശികയും (178548 രൂപ) പൊരുത്തപ്പെടുന്നില്ല.

1-1-7 ഗ്രാന്റുകളുടെ ചെലവ് – സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വികസന ഫണ്ട് (ജനറൽ), റോഡിതര സംരക്ഷണ ഗ്രാന്റ് എന്നീ ഗ്രാന്റുകളിലെ ആകെ ചെലവ് തുകകൾ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്	സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ്
വികസന ഫണ്ട് (ജനറൽ)	31516945	30659303
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	9475058	9135390

1-1-8 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകകളിൽ ക്രമീകരിക്കാൻ ശേഷിക്കുന്ന തുകകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിനിയോഗസാക്ഷ്യ പത്രം ലഭിച്ചതിന്റെ വിവരം രേഖപ്പെടുത്തുകയോ സംക്ഷിപ്തം എഴുതി സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

നിർവ്വഹണ ഏജൻസി	ശേഷിക്കുന്ന തുക
കേരള വാട്ടർ അതോറിറ്റി	450815
ഭൂജല വകുപ്പ്	36835

പൊതുമരാമത്ത് വകുപ്പ്	868000

1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്, ജനറൽ കമ്മിറ്റിയുടെ 12/02/2024 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	
	ബജറ്റ് പ്രകാരം	(റസീറ്റ് & പേയ്മെന്റ് പ്രകാരം)	(ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം)
മുന്നിരിപ്പ്	16799138	20447394	
വരവ്	137631200	112469561	89019053
ആകെ	154430338	132916955	
ചെലവ്	153651000	101067194	90759111
നീക്കിയിരിപ്പ്	779338	31849761	

1-3 സാമ്പത്തിക നില

	റസീപ്റ്റ് & പെയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെന്റിച്ചർ പ്രകാരം
മുന്നിരിപ്പ്	20447394	
വരവ്	112469561	89019053
ആകെ	132916955	
ചെലവ്	101067194	90759111
നീക്കിയിരിപ്പ്	31849761	

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് (ജനറൽ)		33123280	33123280	31516945	1606335
വികസന ഫണ്ട് (എസ്സ്.സി.പി.)		32455000	32455000	26085672	6369328
വികസന ഫണ്ട് (റ്റി.എസ്സ്.പി)		99720	99720	99720	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	11529191	12342117	23871308	7467598	16403710
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	7597650	6984265	14581915	3247496	11334419
സംരക്ഷണ ഗ്രാന്റ് (റോഡിതരം)		12897990	12897990	9475058	3422932

കേന്ദ്രാവിഷ്കൃത ഫണ്ട്

പി.എം.എ.വൈ.	1993	112	2105	-	2105

ടോട്ടൽ സാനിറ്റേഷൻ	415505	12633	428138	399460	28678
ഹെൽത്ത് ഗ്രാന്റ്	149392	2904979	3054371	55090	2999281

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	തൻവർഷം ചെലവില്ലാത്ത പ്രോജക്ടുകളുടെ എണ്ണം)	തൻവർഷം ചെലവുള്ള പ്രോജക്ടുകളുടെ ശതമാനം
179	201002257	120	93837340	59	67.04

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	സെക്രട്ടറി	52	30	107414911	41953540
2	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	3	3	540207	391767
3	അസിസ്റ്റന്റ് എഞ്ചിനീയർ	79	49	52795909	23507657
4	ശിശു വികസന പ്രോജക്ട് ഓഫീസർ	10	8	5107029	3488366
5	വ്യവസായ എക്സ്റ്റൻഷൻ ഓഫീസർ	2	2	2837500	606750
6	പട്ടികജാതി വികസന ഓഫീസർ	6	4	8120000	5596668
7	മെഡിക്കൽ ഓഫീസർ	15	12	14330438	10978657
8	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	6	6	2731263	2512717
9	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	6	6	7125000	4801218
	ആകെ	179	120	201002257	93837340

കൃത്യമായ ആസൂത്രണം ഇല്ലാതെയാണ് പൊതുമരാമത്ത് പദ്ധതികൾ ആവിഷ്കരിച്ചത്. അനുവദനീയമല്ലാത്ത ഒട്ടേറെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തു. ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത് ബന്ധപ്പെട്ട പഞ്ചായത്തുകളുടെ അനുമതി വാങ്ങാതെയാണ്. പദ്ധതി രൂപീകരണത്തിനായി വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന് തീരുമാനം എടുത്തിരുന്നുവെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ തീരുമാനങ്ങൾക്ക് അനുസൃതമായല്ല പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ 7 പഞ്ചായത്തുകൾ ഉണ്ടെന്നിരിയ്ക്കെ, അതിദരിദ്രർക്ക് മൈക്രോപ്ലാൻ പദ്ധതിക്കായി മൂന്ന് പഞ്ചായത്തുകൾക്ക് മാത്രമാണ് വിഹിതം കൈമാറിയത്. പദ്ധതികളുടെ മോണിറ്ററിംഗിൽ അപാകങ്ങൾ ഉണ്ടായിട്ടുണ്ട് (ഉദാ: അങ്ങാടിക്കലിൽ വനിതാ വിപണന കേന്ദ്രത്തിനായി പണിത കെട്ടിടം).

1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	02.03.2016	2014-15	08.07.2016
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23.03.2016	2011-12 & 2012-13	21.04.2016.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.06.2025 11.30AM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരിപ്പില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് ഇനത്തിലുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർ ഒടുക്കിയ സെക്യൂരിറ്റി നിക്ഷേപങ്ങൾ ഡിഫക്ട് ലയബിലിറ്റി പീരീയഡിന് ശേഷവും നാളിതുവരെ തിരികെ കൈപ്പറ്റാതെ കാലഹരണപ്പെട്ടിട്ടുണ്ട്. ഇപ്രകാരം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നാളിതുവരെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വാടക ഡിമാന്റ് സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഇല്ല. നിലവിലുള്ള ഡിമാന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ച തുകകൾക്ക് കമ്പ്യൂട്ടർവൽകൃത രസീതുകൾ നൽകിയിട്ടില്ല. സാംഖ്യാ രസീതുകൾ ചട്ടപ്രകാരം പ്രിന്റ് ചെയ്തിട്ടില്ല. പകരം പേന ഉപയോഗിച്ച് എഴുതി രസീത് നൽകുകയാണ് ചെയ്തിട്ടുള്ളത്. 2021-22 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ അപാകം ശ്രദ്ധയിൽപെടുത്തിയിരുന്നെങ്കിലും നാളിതുവരെയും ആയത് പരിഹരിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾക്ക് വേണ്ടി പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ [സ.ഉ(കൈ)നം.84/2022/തസ്വഭവ, തീയതി 19.4.2022] സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിയ്ക്കപ്പെട്ടിട്ടില്ല. ഗ്രാമപ്പഞ്ചായത്തുകളുടെ അനുമതി വാങ്ങാതെയാണ് അവരുടെ അധീനതയിലുള്ള ആസ്തികളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തിയത്. പൊതുമരാമത്ത് മാനുവലിലെയും, കേരള പഞ്ചായത്ത് (പൊതുമരാമത്ത്) ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കെല്ലാം പൂർത്തീകരണ കാലയളവ് ആയി ശരാശരി 8 മാസം നിശ്ചയിച്ച് ആണ് പ്രവൃത്തി ഏൽപിച്ചിട്ടുള്ളത്. ആസ്തികളുടെ ഡിജിറ്റലൈസേഷന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഏറ്റെടുക്കുകയോ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ഹോസ്പിറ്റൽ അറ്റൻഡന്റിന് വികസന ഫണ്ടിൽ നിന്നും വേതനം നൽകിയത് ക്രമപ്രകാരമല്ല. ഏനാദിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മാനേജിംഗ് കമ്മിറ്റിയുടെ 2019-20 സാമ്പത്തിക വർഷം വരെയുള്ള വരവു ചെലവു കണക്കുകൾ മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. 2020-21 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിനായി നൽകിയിട്ടില്ല. ഇത് ആഭ്യന്തര നിയന്ത്രണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

11/11/2019-ലെ 88/2019/ഫിൻ., നമ്പർ സർക്കുലർ പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ സർക്കാർ പോർട്ടലായ VEELS-ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ KL-26-P-1880, KL-26-N-8847 എന്നീ വാഹനങ്ങൾ ടി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയൊന്നുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾക്കനുസരിച്ചല്ല പദ്ധതി രൂപീകരണം നടത്തിയിട്ടുള്ളത്. തനത്

ഫണ്ട് വൗച്ചറുകൾ, പദ്ധതി ഫയലുകൾ എന്നിവ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്.

1-9 കാലഹരണപ്പെട്ട സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാർ ഹാജരാക്കിയ സെക്യൂരിറ്റി നിക്ഷേപങ്ങൾ ഡിഫക്ട് ലയബിലിറ്റി പീരീയഡിന് ശേഷവും നാളിതുവരെ തിരികെ നൽകാതെ കാലഹരണപ്പെട്ടിട്ടുണ്ട്. ഇപ്രകാരം കാലഹരണപ്പെട്ട 3.91 ലക്ഷം രൂപയുടെ നിക്ഷേപങ്ങൾ നാളിതുവരെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	എഗ്രിമെന്റ് തീയതി	സെക്യൂരിറ്റി നിക്ഷേപ തുക
1	വട്ടവിള പന്നിവേലിക്കൽ റോഡ് സംരക്ഷണം S126/2020	ശ്രീ. അജീഷ് എസ്.	30.10.2019	38200
2	മൂലഭാഗം മുതൽ പാറയിൽപ്പടി റോഡ് കോൺക്രീറ്റിംഗ് S43/2020	ശ്രീ. അജീഷ് എസ്.	30.10.2019	19000
3	കൂടൽ പോലീസ് സ്റ്റേഷൻ - ഫാക്ടറിപ്പടി റോഡ് - കലഞ്ഞൂർ പഞ്ചായത്ത്	ശ്രീ. ചന്ദ്രബാബു എം.	22.6.2021	51000
4	കൃഷ്ണവിലാസം- തുരുത്തിയിൽപ്പടി റോഡ് കോൺക്രീറ്റിംഗ്- ഏനാദിമംഗലം പഞ്ചായത്ത്	ശ്രീ. ബിജു എം.	22.6.2021	9200
5	മഞ്ഞപ്പുറം- ചരുവിള റോഡ് കോൺക്രീറ്റിംഗ് - വാർഡ് 9 S45/22	ശ്രീ. അമ്പിളിധരൻനായർ	20.7.2021	12000
6	പഞ്ചായത്ത് കുളം റോഡ് സംരക്ഷണം - ഏനാദിമംഗലം പഞ്ചായത്ത് S46/22	ശ്രീ. അമ്പിളിധരൻനായർ	20.7.2021	12000
7	എരുത്വാകുന്ന് രണ്ടാംകുറ്റി റോഡ് സംരക്ഷണം - വാർഡ് 11 S57/22	ശ്രീ. ജോസ് എ.	20.7.2021	11000
8	മുരുപ്പേൽ കടയ്ക്കാവിള റോഡ് കോൺക്രീറ്റിംഗ്- വാർഡ് 17- കൊടുമൺ പഞ്ചായത്ത് S41/22	ശ്രീ. ജോസ് എ.	22.7.2021	11000
9	തറയിൽപ്പടി ട്രാൻസ്ഫോർമർപ്പടി റോഡ് കോൺക്രീറ്റിംഗും പാർശ്വഭിത്തി നിർമ്മാണവും- പള്ളിക്ക്ൽ പഞ്ചായത്ത് S69/22	ശ്രീ. സാംസൺ ശമുവൽ	17.9.2021	8750
10	ആഞ്ഞിലിമുക്ക് ചരുവിളപ്പടി വട്ടവിള റോഡ് കോൺക്രീറ്റിംഗ്- ഏനാദിമംഗലം പഞ്ചായത്ത് S68/22	ശ്രീ. കെ.ജെ ബിജു	20.9.2021	8500
11	കുറ്റിയിലേത്ത്പടി ആറാട്ടുകുളം റോഡ് കോൺക്രീറ്റിംഗ് - പള്ളിക്കൽ പഞ്ചായത്ത്	ശ്രീ. കെ.ജെ ബിജു	20.9.2021	8500

	S70/22			
12	മണ്ണടി പഴയകാവ് ദേവീക്ഷേത്രം റോഡ് ഇന്റർലോക്കിംഗ് - കടമ്പനാട് പഞ്ചായത്ത് S66/22	ശ്രീ. രാധാകൃഷ്ണൻനായർ	23.9.2021	12500
13	പോസ്റ്റോഫീസ് പടി - പനയ്ക്കമുരുപ്പ് കോളനി റോഡ് S119/22	ശ്രീ. ഉണ്ണിക്കൃഷ്ണൻ	29.10.2021	9100
14	നെടുമൺ മുക്കരയ്യത്ത് കുളം നവീകരണം- ഏഴംകുളം പഞ്ചായത്ത്	ഉണ്ണിക്കൃഷ്ണൻ	29.10.2021	11500
15	പൊയ്കയിൽ കുളം മെയിന്റനൻസ്-കൊടുമൺ പഞ്ചായത്ത്	ശ്രീ. ഉണ്ണിക്കൃഷ്ണൻ	29.10.2021	12000
16	മുറിഞ്ഞികൽ കരിങ്കുടുക്ക റോഡ് - സൂസന്നപ്പടി റോഡ്	ശ്രീ. റ്റിനു ജോസ്	3.11.2021	9000
17	മേടക്കട കുറിച്ചിക്കാനം റോഡ് കോൺക്രീറ്റിംഗ്- കടമ്പനാട് പഞ്ചായത്ത്	ശ്രീ. ജയിംസ് മാത്യു	1.11.2021	9000
18	തോട്ടമുക്ക് കൊല്ലായിക്കൽ റോഡ് റീടാറിംഗ്	ശ്രീ. കെ.ജെ.ബിജു	5.11.2021	14000
19	കിണറുവിള മാങ്കൂട്ടത്തിൽപ്പടി റോഡ് കല്ലേലിപ്പടിക്കൽ പാണ്ടിമലപ്പുറം സെറ്റിൽമെന്റ് കോളനി റോഡ് സംരക്ഷണം- കടമ്പനാട് പഞ്ചായത്ത്	ശ്രീ. അമ്പിളിധരൻനായർ ജെ.	10.2.2022	26200
20	മണക്കാലാപ്പടി കിടുപ്പിൽത്തറ ഏലാ റോഡ് നിർമ്മാണം	ശ്രീ. ജോസ് എ.	31.3.2022	12500
21	എ.കെ.ജി കോളനി റോഡ് കോൺക്രീറ്റിംഗ്	ശ്രീ. രാജേഷ് കെ.	31.3.2022	25200
22	ചാങ്ങാപ്പടി ചിരണിക്കൽ കനാൽ റോഡ് പുനരുദ്ധാരണം	ശ്രീ. ഉണ്ണിക്കൃഷ്ണൻ	22.3.2022	39300
23	പാണ്ടിമലപ്പുറം തൂമ്പ്രാക്കുഴി കുളം റോഡ്- കടമ്പനാട് പഞ്ചായത്ത്	ശ്രീ. പുഷ്പകുമാർ	17.11.2022	22200
	ആകെ			391650

കാലഹരണപ്പെട്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

1-10 കടമുറികളുടെ വാടകക്കുടിശ്ശിക - റിക്കവറി നടപടി പൂർണ്ണമായില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലവിൽ എട്ട് കടമുറകളാണുള്ളത്. അതിൽ 15/274 മുതൽ 277 വരെ നാല് കടമുറികൾ നേരത്തെ തന്നെ വാടകയ്ക്ക് നൽകിയിരുന്നു. മറ്റ് നാല് കടമുറികൾക്ക് അടൂർ മുനിസിപ്പാലിറ്റിയിൽ നിന്നും നമ്പർ ലഭിക്കാത്തതിനാൽ വാടകയ്ക്ക് കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കെട്ടിട നമ്പർ ലഭിക്കുന്നതിന് അടൂർ മുൻസിപ്പാലിറ്റിയിൽ അപേക്ഷ കൊടുക്കുകയും, നമ്പർ ലഭിക്കുന്ന മുറയ്ക്ക് കടമുറികൾ വാടകയ്ക്ക് നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09/6.6.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 15/274 മുതൽ 15/277 വരെയുള്ള കടമുറികൾ

വാടകയ്ക്ക് നൽകിയ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം വരെ 182500 രൂപയും 2024-25 സാമ്പത്തിക വർഷം 82500 രൂപയും കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക തുക (265000 രൂപ) വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക തുകയുമായി (178548 രൂപ) പൊരുത്തപ്പെടുന്നില്ല. ഡിമാന്റ് രജിസ്റ്ററിന്റെ പരിപാലനം കൃത്യമല്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന 178548 രൂപ നാളിതുവരെ പിരിച്ചെടുത്തിട്ടുമില്ല. വാടകക്കുടിശ്ശിക പിരിക്കാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും, അത് പൂർത്തിയാക്കാൻ കഴിയാത്തത് സാങ്കേതിക തടസ്സം മൂലമാണെന്നും എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാക്കിയും, കടമുറികൾ പുനർലേലം ചെയ്തും, വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-11 സാംഖ്യാ രസീതുകളുടെ വിനിയോഗം സുതാര്യമല്ല

01.04.2024 മുതൽ 31.03.2025 വരെയുള്ള കാലയളവിലെ സാംഖ്യാ രസീതുകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20(ഡി) അനുസരിച്ച് പഞ്ചായത്തിൽ ലഭിക്കുന്ന തുകകൾക്ക് കമ്പ്യൂട്ടർവൽകൃത രസീതുകൾ നൽകേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ സാംഖ്യ രസീതുകൾ ചട്ടപ്രകാരം പ്രിന്റ് ചെയ്തിട്ടില്ല. പകരം പേന ഉപയോഗിച്ച് എഴുതി രസീത് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/9.6.2025), പ്രിന്റർ തകരാറിലായതിനാലാണ് രസീത് എഴുതി നൽകുന്നതെന്ന മറുപടിയാണ് ലഭിച്ചത്. 2021-22 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ അപാകം പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെയും പരിഹാര നടപടി സ്വീകരിച്ചിട്ടില്ലെന്നത് ഓഡിറ്റ് ഗൗരവപൂർവ്വം വീക്ഷിക്കുന്നു.

2) സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള സ്റ്റേഷനറി ലഭിച്ചതിന്റെയും ഉപയോഗിച്ചതിന്റെയും നാളിതുവരെയുള്ള കണക്കുകൾ/സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/9.6.2025), സ്റ്റോക്കിൽ എടുത്ത രേഖകൾ ഓഫീസിൽ ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചത്.

3) സാംഖ്യാ രസീതുകൾ തുടർച്ചയായല്ല ഉപയോഗിച്ചിരിക്കുന്നത്. രസീത് നമ്പർ 1205466-നു ശേഷം 1205497, 1205500 എന്നീ രസീതുകളാണ് ഉപയോഗിച്ചിട്ടുള്ളത്. ഈ അപാകം അബദ്ധത്തിൽ സംഭവിച്ചതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി അറിയിച്ചു. 1205467 മുതൽ 1205496 വരെയുള്ള രസീതുകളും 1205498, 1205499 എന്നീ രസീതുകളും ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

സാംഖ്യാ സ്റ്റേഷനറിയുടെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാതിരുന്നതും, കമ്പ്യൂട്ടർവൽക്കൃത രസീതുകൾ നൽകാതിരുന്നതും വീഴ്ചയാണ്. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 വനിതാ വിപണന കേന്ദ്രത്തിന് 5 വർഷം മുമ്പ് പണിത കെട്ടിടം നിഷ്ക്രിയ ആസ്തി ആയി പരിണമിച്ചു

ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി കൊടുമൺ പഞ്ചായത്തിലെ അങ്ങാടിക്കൽ ഒറ്റത്തേക്ക് മാർക്കറ്റിൽ വനിതാ വിപണന കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തിയാക്കി അഞ്ച് വർഷങ്ങൾ പിന്നിട്ടിട്ടും വിപണനകേന്ദ്രം ആരംഭിക്കാതെ കെട്ടിടം അടച്ച് പൂട്ടിയ നിലയിലാണ്.

വനിതാ വിപണന കേന്ദ്രത്തിന് അങ്ങാടിക്കൽ മാർക്കറ്റിൽ പണിത കെട്ടിടം

20 ലക്ഷം രൂപ അടങ്കൽ വകയിരുത്തിയ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്നു. പദ്ധതിച്ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	പ്രോജക്ട് നമ്പർ	ചെലവ്
2019-20	S0033/20	1663817
2020-21	S0135/21	97965
2021-22	S0100/22	83789
ആകെ		1845571

20.11.2019-ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിരുന്നു. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം കെട്ടിടത്തിൽ വനിതാ വിപണന കേന്ദ്രം പ്രവൃത്തിക്കുന്നില്ലെന്നും, കെട്ടിടം അടച്ച് പൂട്ടിയ നിലയിലും സംരക്ഷണമില്ലാതെ നാശോന്മുഖമായ സ്ഥിതിയിലും ആണെന്നും ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി. കെട്ടിടം ഗ്രാമപ്പഞ്ചായത്തിന് കൈമാറി നൽകിയിട്ടുണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/3.06.2025) മറുപടിയായി, ആസ്തി ഗ്രാമപ്പഞ്ചായത്തിന് കൈമാറി നൽകിയിട്ടില്ലെന്നും, കമ്മിറ്റി ഇത് സംബന്ധിച്ച് തീരുമാനം ഇതേവരെ എടുത്തിരുന്നില്ലെന്നുമാണ് അറിയിച്ചത്. കെട്ടിടം പണിത് അഞ്ച് വർഷം കഴിഞ്ഞിട്ടും ആയത് ഗ്രാമപ്പഞ്ചായത്തിന് കൈമാറി നൽകാതിരുന്നതും വനിതാ വിപണന കേന്ദ്രം ആരംഭിക്കാഞ്ഞതും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ, ആസ്തി സംരക്ഷണത്തിന് ചുമതലയുള്ള സെക്രട്ടറി എന്നിവരുടെ ഭാഗത്ത് നിന്നുമുള്ള ഗുരുതരമായ കൃത്യവിലോപമാണ്. വർക്കിംഗ് ഗ്രൂപ്പ് ഈ വിഷയത്തിൽ മോണിറ്ററിംഗ് നടത്തിയില്ലെന്നത് കെട്ടിടം നിഷ്ക്രീയ ആസ്തി ആയി പരിണമിക്കുന്നതിന് ഇടയാക്കി എന്ന് വിലയിരുത്തുന്നു.

നിർദ്ദിഷ്ട കെട്ടിടം അടിയന്തിരമായി ഗ്രാമപ്പഞ്ചായത്തിന് കൈമാറി നൽകി വനിതാ വിപണനകേന്ദ്രം ആരംഭിക്കുന്നതിനുള്ള ഭരണതല നടപടിക്ക് ശുപാർശ ചെയ്യുന്നു.

1-13 ഗ്രാമപ്പഞ്ചായത്തുകളുടെ അനുമതി വാങ്ങാതെ അവരുടെ ആസ്തികളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തി

ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ പ്രകാരം പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് മുമ്പ് അതാത് ഗ്രാമപഞ്ചായത്ത് കമ്മിറ്റികളുടെ അനുമതിക്കായും, ടി ആസ്തിയുടെ നമ്പർ ഉൾപ്പെട്ട ആസ്തി രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആവശ്യപ്പെട്ടും അസിസ്റ്റന്റ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അതാത് ഗ്രാമപ്പഞ്ചായത്തുകൾക്ക് കത്ത് നൽകിയെങ്കിലും പഞ്ചായത്തിൽനിന്നും കമ്മിറ്റിയുടെ അനുമതി നൽകിക്കൊണ്ടുള്ള തീരുമാനം ലഭ്യമായിരുന്നില്ല. ഇപ്രകാരം ഗ്രാമപ്പഞ്ചായത്തുകളുടെ അനുമതി വാങ്ങാതെയാണ് അവരുടെ അധീനതയിലുള്ള റോഡുകളിൽ ബ്ലോക്ക് പഞ്ചായത്ത്

നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾക്ക് വേണ്ടി പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങണമെന്ന് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട് [സ.ഉ.(കൈ)നം.84/2022/തസ്വഭവ, തീയതി 19.4.2022]. എന്നാൽ ആയത് പാലിയ്ക്കപ്പെട്ടിട്ടില്ല.

റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കെല്ലാം പൂർത്തീകരണ കാലയളവായി ശരാശരി 8 മാസം നിശ്ചയിച്ച് ആണ് കരാർ നൽകിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾക്ക് ഇത്രയും ഉയർന്ന പൂർത്തീകരണ കാലയളവ് നിശ്ചയിച്ചതിനാലാണ് ഓഡിറ്റ് വർഷം ആവിഷ്ക്കരിച്ച ഒട്ടേറെ പ്രവൃത്തികൾ പൂർത്തീകരിക്കാതെ അടുത്ത വർഷം സ്പിൽ ഓവർ ആയത് എന്ന് വിലയിരുത്തുന്നു.

റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയതിലെ അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ആയത് പരിഹരിക്കേണ്ടതുമാണ്.

1-14 ഗ്രാമപ്പഞ്ചായത്തുകളുടെ അധീനതയിലുള്ള 6 മീറ്ററിൽ താഴെ വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് പദ്ധതികൾ നടപ്പാക്കി

ഗ്രാമപ്പഞ്ചായത്തുകളുടെ അധീനതയിലുള്ളതും 6 മീറ്ററിൽ താഴെ വീതിയുള്ളതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി. ഗ്രാമപ്പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ., തീ.19.4.2022) സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി 6 മീറ്ററിൽ കുറവുള്ള ഗ്രാമപ്പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് വർഷം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയതായി ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	പ്രോജക്ട് നമ്പർ	കരാറുകാരൻ	ചെലവ്	റോഡിന്റെ വീതി (ഭൗതിക പരിശോധന പ്രകാരം)
1	ആറ്റുവാശ്ശേരി കൊച്ചുമുരുപ്പ് റോഡ് നിർമ്മാണം - വാർഡ് 4 - കൊടുമൺ പഞ്ചായത്ത്	91/2025	ശ്രീ. അജികുമാർ ആർ	472518	4.2 മീറ്റർ
2	പറങ്കിമാംവിളപ്പടി തെങ്ങമം ജി.എച്ച്.എസ്.എസ് റോഡ് നിർമ്മാണം - വാർഡ് 21 - പള്ളിക്കൽ പഞ്ചായത്ത്	92/25	ശ്രീ. കെ.ആർ. കൃഷ്ണകുമാർ	373099	4 മീറ്റർ
3	വെള്ളക്കുന്നിൽപ്പടി പഞ്ഞിപ്പുൽവിളപ്പടി റോഡ് നിർമ്മാണം വാർഡ് 8 - കൊടുമൺ പഞ്ചായത്ത്	55/25	ശ്രീ. ബിജു എം	349322	4 മീറ്റർ

4	പുത്തൻകാവിൽപ്പടി വടക്കേമാവേലിൽപ്പടി റോഡ് നിർമ്മാണം	66/25	ശ്രീ. സോമരാജൻ ഡി	367201	3.5 മീറ്റർ
5	വട്ടവിളയിൽകോളനി പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് - വാർഡ് 15 - കൊടുമൺ പഞ്ചായത്ത്	90/25	ശ്രീ. ബിജു എം	457427	4.5 മീറ്റർ

നിർദ്ദിഷ്ട വീതിയില്ലാത്ത റോഡുകളുടെ നിർമ്മാണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത് പദ്ധതിപ്പണത്തിന്റെ ക്രമവിരുദ്ധമായ വിനിയോഗമാണ്. ഭാവിയിൽ 6 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളുടെ നിർമ്മാണം മാത്രം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-15 കരാർ നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചില്ല

ചുവടെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകിയെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	അടങ്കൽ	കരാറുകാരൻ	എഗ്രിമെന്റ്, സെലക്ഷൻ നോട്ടീസ് എന്നിവ പ്രകാരം പൂർത്തീകരണ കാലയളവ്	ക്വോട്ട് ചെയ്ത തുക	എഗ്രിമെന്റ് തീയതി
1	79/25 – മലമുകൾപ്പടി-കുറ്റിക്കാട്ട് ഏലാ റോഡ് നിർമ്മാണം- പള്ളിക്കൽ ഗ്രാമപ്പഞ്ചായത്ത്	640000	ശ്രീമതി ഷീജാ കമറുദ്ദീൻ	9 മാസം	412660	21.11.2024
2	134/25 – ഐ.സി.ഡി.എസ് ഓഫീസ് ടോയ് ലറ്റ് അറ്റകുറ്റപ്പണികൾ	200000	ശ്രീ. രാജേഷ് കെ	6 മാസം	139372	22.1.2024
3	53/25 – കുളത്തിങ്കരോട്ട് പടി പാറപ്പാട്ട് പടി റോഡ് നിർമ്മാണം - കടമ്പനാട് പഞ്ചായത്ത്	500000	ശ്രീ. കെ.ആർ കൃഷ്ണകുമാർ	9 മാസം	413880	30.11.2024
4	128/25 – കലഞ്ഞൂർ ഗവ. ഹയർസെക്കണ്ടറി സ്ക്കൂൾ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	500000	ശ്രീ. ജയകുമാർ എം	3 വർഷം	372805	21.2.2024

5	മനോജ്ഭവനം - കൊച്ചുവേളിക്കൽപ്പടി റോഡ് നിർമ്മാണം- വാർഡ് 12 ഏനാദിമംഗലം ഗ്രാമപ്പഞ്ചായത്ത്	500000	ശ്രീ. കെ.ആർ കൃഷ്ണകുമാർ	8 മാസം	316458	30.11.2024

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും കരാർ തുകയുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി 6 മാസം) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% ഫൈൻ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50%-ൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ചശേഷമേ കരാറുകാരന് തുക നൽകാവൂ (പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2012).

കരാർ നൽകിയ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്തതിന്മേൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24/10.06.2025) മറുപടിയായി, ബന്ധപ്പെട്ട കരാറുകാർക്ക് നോട്ടീസ് നൽകുന്നതാണെന്നും, കാലവിളംബം വരുത്തുന്ന പക്ഷം പൊതുമരാമത്ത് മാന്വൽ പ്രകാരം നിശ്ചിത ഫൈൻ ഈടാക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഏനാദിമംഗലം പഞ്ചായത്തിലെ വാർഡ് 12-ലുള്ള മനോജ് ഭവനം - കൊച്ചുവേളിക്കൽപ്പടി റോഡിന് ശരാശരി 3.2 മീറ്റർ മാത്രം വീതി ആണുള്ളത് എന്നും, റോഡിന്റെ വീതി കൂട്ടാൻ പ്രദേശവാസികൾക്ക് സമ്മതമല്ലെന്ന് അറിയിച്ചതിനാൽ കരാറുകാരൻ നിർമ്മാണ സാമഗ്രികൾ സൈറ്റിൽ നിന്ന് തിരികെ കൊണ്ടുപോയി പ്രവൃത്തിയിൽ നിന്ന് പിന്തിരിഞ്ഞതായും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

മേൽപ്പറഞ്ഞ അപാകങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ മനോജ് ഭവനം - കൊച്ചുവേളിക്കൽപ്പടി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്ത് പദ്ധതി ഉപേക്ഷിക്കുന്നതിന് ഭരണസമിതിയുടെ തീരുമാനം അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് നിയമപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും, കരാർ പ്രകാരം നിശ്ചയിച്ച കാലയളവിനേക്കാൾ കാലതാമസം വരുത്തുന്ന സംഗതിയിൽ ഫൈൻ/ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതുമാണ്.

1-16 അസൗകര്യങ്ങൾക്ക് നടുവിൽ സാമൂഹികാരോഗ്യ കേന്ദ്രം; പുതുതായി നിർമ്മിച്ച കെട്ടിടം പ്രവർത്തനസജ്ജമാക്കിയില്ല

ഏനാദിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിനു വേണ്ടി നബാർഡ് സഹായത്തോടെ 3.70 കോടി ചെലവിൽ നിർമ്മിച്ച കെട്ടിടം നിലവിൽ നിഷ്ക്രിയ ആസ്തിയായി തുടരുന്നു. കെട്ടിടത്തിന്റെ നിർമ്മാണം 2023-24 വർഷം പൂർത്തീകരിച്ചിട്ടുള്ളതാണ്. അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് കെട്ടിടം പ്രവർത്തനക്ഷമമാക്കുമെന്നാണ് അധികൃതർ അറിയിച്ചത്. കെട്ടിടത്തിന് അഗ്നി സുരക്ഷാ നിരാക്ഷേപ പത്രം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചു. നിലവിലുള്ള കെട്ടിടത്തിൽ ഐ.പി. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പരിമിത സൗകര്യത്തിൽ പ്രവർത്തിക്കുമ്പോഴാണ് കോടികൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിന് കാലതാമസം നേരിടുന്നത്.

മുൻപിലുള്ളത് ആശുപത്രി നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം, പുറകിലുള്ളത് പുതിയ കെട്ടിടം

പുതിയ കെട്ടിടത്തിലേക്ക് ഫർണിച്ചറുകൾ വാങ്ങുന്നതിന് ഓഡിറ്റ് വർഷം പ്രോജക്ട് നം.49/25 പ്രകാരം 216530 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ ഫർണിച്ചറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഫർണിച്ചർ ഇനം	എണ്ണം	നിരക്ക്	ആകെ വില
1.	കട്ടിൽ	10	12378.2	123782
2.	മോഡുലാർ റാക്ക്	2	39884	79768
3.	റിവോൾവിംഗ് ചെയർ	2	6490	12980
	ആകെ			216530

കെട്ടിടം പ്രവർത്തന സജ്ജമാകാത്ത സാഹചര്യത്തിൽ വാങ്ങിയ ഫർണിച്ചറുകൾ നിലവിലെ കെട്ടിടത്തിൽ ഉപയോഗിക്കുകയാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/10.06.2025) മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയത്.

കെട്ടിടം എത്രയും വേഗം പ്രവർത്തനസജ്ജമാക്കുന്നതിന് ആശുപത്രി മാനേജിംഗ് കമ്മിറ്റിയും, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-17 ആസ്തികളുടെ ഡിജിറ്റലൈസേഷന് നടപടികളില്ല

മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന് (സ.ഉ(കൈ) നമ്പർ 84/2022/ തസ്വഭവ തീയതി 19.4.2022) വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ് എന്നും, തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്നും പ്രസ്തുത ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിജിറ്റലൈസേഷന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഏറ്റെടുക്കുകയോ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4/3.6.2025) മറുപടിയായി, ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തുന്നതിന് പദ്ധതി ഏറ്റെടുക്കുന്നതാണ് എന്ന് അറിയിച്ചു.

ആസ്തികളുടെ വിവരശേഖരണത്തിന് സർവ്വേ നടത്തി ഡിജിറ്റലൈസ് ചെയ്യുന്നതിന് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ദിവസവേതന ജീവനക്കാരന് വികസന ഫണ്ടിൽ നിന്നും വേതനം നൽകി

പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര്	35, ഏനാദിമംഗലം സി.എച്ച്.സി. - താൽക്കാലിക ജീവനക്കാരുടെ വേതനം
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ

അടങ്കൽ തുക, ഫണ്ടിനം	₹450000, വികസന ഫണ്ട് (ജനറൽ)	
ചെലവഴിച്ച തുക	₹400875	
തുക, ബിൽ നമ്പർ/ തീയതി	6875	24050363014600978850/04.12.2024
	15000	24050363014600489379/ 01.08.2024
	16250	24050363014601439216/06.03.2025
	16250	24050363014601439216/06.03.2025
	16875	24050363014600348358/01.07.2024
	16875	24050363014600735658/03.10.2024
	17500	24050363014600853103/ 02/11/2024
	2750	24050363014600715599/27.09.2024
	20625	24050363014600348361/01.07.2024
	129000	

ഏനാദിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാർക്ക് വേതനം, ഫെസ്റ്റിവൽ അലവൻസ് എന്നിവ വികസന ഫണ്ടിൽ നിന്നും നൽകി. ഇതിനായി 2024-25 വർഷം 129000 രൂപ ചെലവഴിച്ചിട്ടുണ്ട്.

താല്കാലിക ജീവനക്കാരായി നിയമിച്ച ഹോസ്പിറ്റൽ അറ്റൻഡന്റ്, ഫാർമസിസ്റ്റ് എന്നിവർക്ക് വേതനവും ഫെസ്റ്റിവൽ അലവൻസും നൽകുന്നതിന് പ്രോജക്ട് പ്രകാരം ആകെ 400875 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 271875 രൂപ ഫാർമസിസ്റ്റിന് വേതനം, ഫെസ്റ്റിവൽ അലവൻസ് എന്നിവ നൽകുന്നതിനാണ് ചെലവഴിച്ചത്.

സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഉച്ചകഴിഞ്ഞ് ഡോക്ടർമാരുടെ സേവനം ആവശ്യമായ ഇടങ്ങളിൽ നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകുന്നതിന് വികസന ഫണ്ടോ തനതുഫണ്ടോ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഹോസ്പിറ്റൽ അറ്റൻഡന്റിന് വികസന ഫണ്ടിൽ നിന്നും വേതനം നൽകിയത് ക്രമപ്രകാരമല്ല.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് 115/2022 തീയതി 28.05.2022 ഖണ്ഡിക 8.6 പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടുള്ളതല്ല. എന്നാൽ ഏതെങ്കിലും ഒരു നൂതന പ്രോജക്ട് നടപ്പാക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ഉള്ളവരുടെ സേവനം അത്യന്താപേക്ഷിതമാണെങ്കിൽ 6 മാസത്തിൽ കവിയാതെ ഓണറേറിയം വ്യവസ്ഥയിൽ അത്തരം വിഭാഗത്തിൽപ്പെടുന്നവരെ നിയോഗിക്കാവുന്നതാണ്. ഓണറേറിയം തുകയ്ക്ക് ഉൾപ്പെടെയുള്ളവയ്ക്ക് നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഹോസ്പിറ്റൽ അറ്റൻഡന്റ് സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ജീവനക്കാരനല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/06.06.2025), ഹോസ്പിറ്റൽ അറ്റൻഡർ തസ്കികയിൽ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതിനാലാണ് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരനെ നിയോഗിച്ചതെന്ന മെഡിക്കൽ ഓഫീസറുടെ മറുപടി വികസനഫണ്ടിൽ നിന്നും വേതനം നൽകിയതിനെ സാധൂകരിക്കുന്നില്ല.

മേൽ കാരണങ്ങളാൽ ഹോസ്പിറ്റൽ അറ്റൻഡന്റിന് വികസനഫണ്ടിൽ നിന്നും വേതനം നല്കിയത് അംഗീകരിക്കുന്നില്ല. വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുക തനതു ഫണ്ടിൽ നിന്നോ എച്ച്.എം.സി. ഫണ്ടിൽ നിന്നോ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക 129000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 കൃഷിക്കൂട്ടങ്ങൾക്ക് വിത്തും വളവും - വിതരണ രേഖകൾ പൂർണ്ണമല്ല

ഞങ്ങളും കൃഷിയിലേക്ക്-കൃഷിക്കൂട്ടങ്ങൾക്ക് വിത്തും വളവും എന്ന പദ്ധതിയ്ക്ക് (പ്രോജക്ട് നം. 42/25) 1232000 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തുകയും തുക പൂർണ്ണമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിലെ

കൃഷിക്കൂട്ടങ്ങൾക്ക് വിത്തും വളവും തൈകളും വിതരണം ചെയ്തതിന് 3 കാർഷിക കർമ്മ സേനകൾക്ക് ചുവടെ ചേർക്കും പ്രകാരം സബ്സിഡി നൽകിയിട്ടുണ്ട്.

ക്രമ നം	കാർഷിക കർമ്മ സേനയുടെ പേര്	സബ്സിഡി അനുവദിച്ച ഇനങ്ങൾ				ബിൽ നം./ തീയതി തുക
		ഇനം	എണ്ണം/ അളവ്	നിരക്ക്	ആകെ തുക	
1	മഹാത്മാ കാർഷിക കർമ്മസേന	വാഴ വിത്ത്	12100	15	181500 (100% സബ്സിഡി)	272/31.01.2025-₹716000
		ഹൈബ്രിഡ് പച്ചക്കറി തൈകൾ	60500	3	181500 (100% സബ്സിഡി)	
		ജൈവവളം	24.2ടൺ	20000	484000 (75% സബ്സിഡി)	
2	പള്ളിക്കൽ കാർഷിക കർമ്മസേന	വാഴ വിത്ത്	4200	15	63000 (100% സബ്സിഡി)	321/20.02.2025-₹252000
		ഹൈബ്രിഡ് പച്ചക്കറി തൈകൾ	21000	3	63000 (100% സബ്സിഡി)	
		ജൈവവളം	8.4ടൺ	20000	168000 (75% സബ്സിഡി)	
3	കൃഷിശ്രീ സെന്റർകടമ്പനാട്	വാഴ വിത്ത്	4400	15	66000 (100% സബ്സിഡി)	363/07.03.2025-₹264000
		ഹൈബ്രിഡ് പച്ചക്കറി തൈകൾ	22000	3	66000 (100% സബ്സിഡി)	
		ജൈവവളം	8.8ടൺ	20000	176000 (75% സബ്സിഡി)	

വിത്തുകൾ തൈകൾ, വളം എന്നിവ കൈപ്പറ്റിയ കാർഷിക കർമ്മസേനകൾ ബ്ലോക്കിന് കീഴിലുള്ള വിവിധ പഞ്ചായത്തുകളിലെ കൃഷിക്കൂട്ടങ്ങൾക്ക് വിത്തുകളും തൈകളും വളവും നൽകുകയായിരുന്നു. വിവിധ കൃഷിക്കൂട്ടങ്ങൾ കൈപ്പറ്റിയ വാഴവിത്ത്, പച്ചക്കറി തൈ, ജൈവവളം എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

കാർഷിക കർമ്മസേന	പഞ്ചായത്തിന്റെ പേര്	കൃഷിക്കൂട്ടങ്ങളുടെ എണ്ണം	വാഴ വിത്തുകളുടെ എണ്ണം	ഹൈബ്രിഡ് പച്ചക്കറിത്തൈകളുടെ എണ്ണം	ജൈവവളം (കി.ഗ്രാം)
മഹാത്മാഗാന്ധി കാർഷിക കർമ്മസേന	കലഞ്ഞൂർ	39	3900	19500	5850
	ഏറത്ത്	32	4000	20000	8000
	ഏഴംകുളം	20	2000	10000	4000
	ഏനാദി മംഗലം	21	2100	10500	4200
	ആകെ	112	**12000**	**60000**	**22050**
പള്ളിക്കൽ കാർഷിക കർമ്മസേന	പള്ളിക്കൽ	42	2700	13500	8100
കൃഷിശ്രീ സെന്റർ	കടമ്പനാട്	22	4400	22000	8800

വിതരണ രേഖകൾ പരിശോധിച്ചതിൽ കൃഷിക്കൂട്ടങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി കാർഷിക കർമ്മ സേനകൾക്ക് കൈപ്പറ്റിയ വാഴവിത്തുകളും തൈകളും വളവും പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല എന്ന് കണ്ടു.

1. വാഴവിത്തുകൾ

കർമ്മസേനയുടെ പേര്	കൈപ്പറ്റിയ വാഴ വിത്തിന്റെ എണ്ണം	രേഖകൾ പ്രകാരം വിതരണം ചെയ്തത്	വിതരണ വിവരം ലഭ്യമല്ലാത്തത്
മഹാത്മാഗാന്ധി കാർഷിക കർമ്മസേന	12100	1200	100
പള്ളിക്കൽ കാർഷിക കർമ്മസേന	4200	2700	1500
കൃഷിശ്രീ സെന്റർ കടമ്പനാട്	4400	4400	0
ആകെ	20700	19100	1600

20700 വാഴവിത്തുകൾക്കായി ചെലവഴിച്ച തുക (20700x15) – 310500
വിതരണ രേഖകൾ ലഭ്യമല്ലാത്ത വാഴവിത്തുകൾക്കായി ചെലവഴിച്ച തുക (1600x15) – ₹24000 (100% സബ്സിഡി)

ഹൈബ്രിഡ് പച്ചക്കറിത്തൈകൾ

കർമ്മസേന	പച്ചക്കറിത്തൈകളുടെ എണ്ണം	രേഖകൾ പ്രകാരം വിതരണം ചെയ്തത്	വിതരണ വിവരം ലഭ്യമല്ലാത്തത്
മഹാത്മാഗാന്ധി കാർഷിക കർമ്മസേന	60500	60000	500
പള്ളിക്കൽ കാർഷിക കർമ്മസേന	21000	13500	7500
കൃഷിശ്രീ സെന്റർ കടമ്പനാട്	22000	22000	0
ആകെ	103500	95500	8000

8000 പച്ചക്കറിത്തൈകൾക്ക് സബ്സിഡിയായി നൽകിയ തുക (8000x3) – ₹24000 (100% സബ്സിഡി)

ജൈവവളം

കർമ്മസേന	വാങ്ങിയ ജൈവവളത്തിന്റെ അളവ്	വിതരണം ചെയ്ത അളവ്	വിതരണ വിവരം ലഭ്യമല്ലാത്തത്
മഹാത്മാഗാന്ധി കാർഷിക കർമ്മസേന	24.2	**22.05**	2.15
പള്ളിക്കൽ കാർഷിക കർമ്മസേന	8.4	8.1	0.3
കൃഷിശ്രീ സെന്റർ കടമ്പനാട്	8.8	8.8	0

ആകെ	41.4	38.95	2.45

2.45 ടൺ ജൈവവളത്തിന് 75% സബ്സിഡി നിരക്കിൽ ചെലവ് (15000*2.45) – ₹36750

മറ്റ് അപാകങ്ങൾ

1. ഏഴംകുളം, ഏനാദിമംഗലം, പള്ളിക്കൽ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ കൃഷിക്കൂട്ടങ്ങളുടെ സ്ഥലവിസ്തീർണ്ണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

2. കലഞ്ഞൂർ, ഏറത്ത്, പള്ളിക്കൽ, കടമ്പനാട് എന്നീ പഞ്ചായത്തിലെ കൃഷിക്കൂട്ടങ്ങളിലെ അംഗങ്ങളുടെ വ്യക്തിഗത കൈപ്പറ്റുകൾ ലഭ്യമാക്കിയില്ല.

3. മോണിട്ടറിംഗ് സമിതി രൂപീകരിക്കുകയോ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്തതിന്റെ റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം. 27/11.06.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിതരണ രേഖകളുടെ അഭാവത്തിൽ 1600 വാഴവിത്തുകൾക്കും 8000 ഹൈബ്രിഡ് പച്ചക്കറിത്തൈകൾക്കും 2.45 ടൺ ജൈവ വളത്തിനുമായി മഹാത്മാ കാർഷിക കർമ്മസേന, പള്ളിക്കൽ കാർഷിക കർമ്മസേന എന്നിവയ്ക്ക് അനുവദിച്ച സബ്സിഡി **84750 രൂപ** തടസ്സപ്പെടുത്തുന്നു.

1-20 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വരവു ചെലവു കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനമായ ഏനാദിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മാനേജിംഗ് കമ്മിറ്റിയുടെ വരവു ചെലവു കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല.

ഏനാദിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മാനേജിംഗ് കമ്മിറ്റിയുടെ 2019-20 സാമ്പത്തിക വർഷം വരെയുള്ള വരവു ചെലവു കണക്കുകൾ മാത്രമാണ് ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. 2020-21 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

വരവു ചെലവു കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കാത്തത് മാനേജിംഗ് കമ്മിറ്റിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കുടിശ്ശികയുള്ള വർഷങ്ങളിലെ കണക്കുകൾ അടിയന്തിരമായി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. മാനേജിംഗ് കമ്മിറ്റി ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-21 സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര്	190, സി.എച്ച്.സി-യിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ
അടങ്കൽ തുക, ഫണ്ടിനം	1230618, [₹830618 (വികസന ഫണ്ട് ജനറൽ), ₹400000 (സി.എസ്സ്.ആർ ഫണ്ട്)]
ചെലവഴിച്ച തുക	₹1230618
ബിൽ നമ്പർ/തീയതി	₹830618 – 24050363014601076207/21.12.2024 ₹400000 – 000095/17.01.2025

സി.എച്ച്.സി-യിൽ വൈദ്യുതിയുടെ കണക്ടഡ് ലോഡ് കൂട്ടുന്നതിനായി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 1230618 രൂപ കേരള സംസ്ഥാന വൈദ്യുത ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്.

കരാറുടമ്പടിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ കെ.എസ്സ്.ഇ.ബി-യുമായി 17.02.2025 തീയതിയിൽ കരാർ വച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി കരാറിൽ

രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് വൈദ്യുത ബോർഡിന് 06.06.2025 തീയതിയിൽ കത്ത് നൽകിയതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/06.06.2025) മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.12.2018-ലെ ഡി.എ1/881/2018/തസ്വഭവ സർക്കുലർ പ്രകാരം തുകയുടെ ഉപയോഗവും പ്രോജക്ട് നിർവ്വഹണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മോണിട്ടറിംഗ് നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. പ്രവൃത്തിയുടെ മോണിട്ടറിംഗ് നടത്തി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-22 ഗ്രന്ഥശാലകൾക്കുള്ള കംപ്യൂട്ടറുകൾ ലഭ്യമായില്ല

പ്രോജക്ടിന്റെ നമ്പർ, പേര്	30/2024, ഗ്രന്ഥശാലകൾക്ക് ഫർണ്ണിച്ചറുകളും ഉപകരണങ്ങളും വാങ്ങി നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ തുക	₹1500000
ആകെ ചെലവ്	₹658957
ബിൽ നമ്പർ	24050363014101544950 തീയതി 15/03/2025

ഗ്രന്ഥശാലകൾക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും വാങ്ങി നൽകൽ എന്ന പ്രോജക്ടിന്റെ ഭാഗമായി 17 കംപ്യൂട്ടറുകൾ വാങ്ങാൻ 658957 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കംപ്യൂട്ടറുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 25/ 10.6.2025) മറുപടിയായി കെൽട്രോണിൽ നിന്ന് കംപ്യൂട്ടർ ഇതുവരെ ലഭിച്ചില്ല എന്നറിയിച്ചു. കംപ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

1-23 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

2023-24-ൽ പഠനമുറിക്കായി ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ 2024-25-ലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിന് 2023-24-ൽ ആവിഷ്ക്കരിച്ച 19/24-ാം നമ്പർ പ്രോജക്ട് 2024-25 വർഷം സ്പിൽ ഓവറാക്കിയിരുന്നു. പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	105/25(19/24)
പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം-ധനസഹായം(സ്പിൽ ഓവർ)
അടങ്കൽ	₹2295000 (വികസന ഫണ്ട്-എസ്.സി.പി)
ചെലവ് തുക	₹1600000

ഒരു ഗഡു കൈപ്പറ്റിയ 3 ഗുണഭോക്താക്കളും 2 ഗഡുക്കൾ കൈപ്പറ്റിയ 4 ഗുണഭോക്താക്കളും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരങ്ങൾ	നൽകിയ ധനസഹായം	തുക കൈപ്പറ്റിയ തീയതി
1	പി.എസ്. അനുലക്ഷ്മി C/O പ്രസന്ന സുരേഷ് സുരേഷ് ഭവനം	50000	21.07.2023

	പാറക്കൂട്ടം പി.ഒ. പള്ളിക്കൽ		
2	അമേയ എ.എസ്സ്. C/Oശ്രീജാമോൾ സി. ചരുവിള വീട്, തുവയൂർ തെക്ക് കടമ്പനാട്	50000	14.10.2023
3	അപ്സര റ്റി. C/O തങ്കമണി കെ.എം. മലയിൽ വീട്, ഏനാദിമംഗലം	50000	10.11.2023
4	ശ്രീരാജ് എസ്. C/O സുരേഷ് ആർ. പാറക്കൂട്ടത്തിൽ, വയല പി.ഓ. ഏറത്ത്	50000	07.07.2023
		100000	21.05.2024
5	സൂരജ് എസ്സ്. C/Oരജനി ആർ. ലീലാ ഭവനം, പള്ളിക്കൽ	50000	07.11.2023
		100000	24.12.2024
6	തൃഷ എസ്സ്. C/Oചിത്ര എൽ. വിജയഭവനം, കടമ്പനാട്	50000	07/11/2023
		100000	07.08.2024
7	രശ്മി ആർ. C/O രഘു കെ. പ്ലാവിള കിഴക്കേതിൽ കടമ്പനാട്	50000	07.11.2023
		100000	07.09.2024

ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ (നം11, 12/09.06.2025) നൽകിയതിന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി.

കർശന നിർദ്ദേശം നൽകിയിട്ടും ക്രമ നം. 1-ലെ ഗുണഭോക്താവ് പ്രവൃത്തി ചെയ്യാത്തിനാൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ക്രമ നം. 2-ലെ ഗുണഭോക്താവിന്റെ വീട് 800 ചതുരശ്ര അടിയിൽ കൂടുതലായ സാഹചര്യത്തിൽ ഓഡിറ്റ് ഒബ്ജക്ഷൻ ഉള്ളതും തുക അടയ്ക്കേണ്ടതായി തുടർ തീരുമാനം ലഭ്യമായാൽ ലഭിച്ച ധനസഹായം തിരികെ അടയ്ക്കുന്നതാണെന്നും ക്രമ നം. 3-ൽ രക്ഷിതാവ് മരണപ്പെട്ട് നിർമ്മാണം വൈകിയതിനാൽ വാർഡ് മെമ്പർ ഇടപെട്ട് പണി തുടങ്ങുന്നതിന് നടപടി സ്വീകരിച്ചതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ക്രമ നം. 4,5,6-ലെ ഗുണഭോക്താക്കൾ ജൂൺ 30നുള്ളിലും ക്രമ നം. 7-ലെ ഗുണഭോക്താവ് ജൂലൈ 31-നുള്ളിലും പണി പൂർത്തീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിച്ച് പരാമർശം തീർപ്പാക്കേണ്ടതാണ്.

1-24 റോഡിതര മെയിന്റനൻസ് ഫണ്ട് സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഘടക സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പട്ടികജാതി വികസന ഓഫീസിലെയും ഐ.സി.ഡി.എസ് (അഡീഷണൽ) ഓഫീസിലെയും ആവശ്യങ്ങൾക്കായി വാഹന വാടകയിനത്തിൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(കൈ)നം. 90/2023/തസ്വഭവ തീയതി 09.04.2023 പ്രകാരം വാഹനങ്ങളുടെ മെയിന്റനൻസ്, ഇന്ധനച്ചെലവ് ഉൾപ്പെടെയുള്ള ആവർത്തനച്ചെലവുകൾക്കാണ് റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാൻ സാധിക്കുന്നത്. വാഹന

വാടകയ്ക്കു് തുക ചെലവഴിച്ചത് പ്രസ്തുത ഉത്തരവിന് വിരുദ്ധമാണ്. വാഹന വാടകയിനത്തിൽ ഉള്ള ചെലവിന്റെ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ബിൽ നം/തീയതി- ബിൽ തുക	വാഹന വാടക
77/25	ഐ.സി.ഡി.എസ്. ഓഫീസിലെ ദൈനംദിന ചെലവ് നേരിടൽ	20.03.2025 – ₹2950	2950
17/25	പട്ടികജാതി വികസന ഓഫീസിലെ ദൈനംദിന ചെലവ്	28/19.06.2024 – ₹5180	250
		30/19.06.2024 – ₹600	600
		52/07.08.2024 – ₹5362	500
		111/11.11.2024 – ₹5310	400
		114/12.11.2024 – ₹5014	1000
		245/23.01.2025 – ₹6300	500

സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-25 വാഹനങ്ങൾ VEELS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ല

11/11/2019-ലെ 88/2019/ഫിൻ. നം. സർക്കുലർ പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ സർക്കാർ പോർട്ടലായ VEELS-ൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ KL26P1880, KL26N8847 എന്നീ വാഹനങ്ങൾ ടി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം. 20/10.6.25) വാഹനങ്ങൾ VEELS ൽ രജിസ്റ്റർ ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു.
മേൽസൂചിപ്പിച്ച വാഹനങ്ങൾ “VEELS “- ൽ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-26 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അന്തിമ റിപ്പോർട്ടിന്റെ അദ്ധ്യായം 7-ൽ തദ്ദേശ സർക്കാരുകളെ ശാക്തീകരിക്കുന്നതിനായി 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 4,27,911 കോടി രൂപയുടെ മൊത്തം ഗ്രാന്റ് ശുപാർശ ചെയ്തിട്ടുണ്ട്, ഇതിൽ 70,051 കോടി രൂപയുടെ ഗ്രാന്റുകൾ പ്രാഥമിക ആരോഗ്യ സംരക്ഷണ തലത്തിലെ ആരോഗ്യ സംരക്ഷണ സംവിധാനത്തിലെ നിർണായക വിടവുകൾ ശക്തിപ്പെടുത്തുന്നതിനും നികത്തുന്നതിനുമായി നൽകാൻ കമ്മീഷൻ തീരുമാനിച്ചു. ആയതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ൽ 15(2) FC-XV/ FCD/20-25 മാർഗ്ഗ രേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരം നാലു സ്കീമുകളായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളിൽ 09.08.2023 ലെ സ.ഉ (സാധാ)നം 1625/2023/LSGD പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം പണിയുക, സ്കീം 2 പ്രകാരം ബ്ലോക്ക് തലത്തിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുക എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

ഏനാദിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖേനയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ഹെൽത്ത് ഗ്രാന്റ് മുഖേനയുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. സാമൂഹികാരോഗ്യ കേന്ദ്രത്തിന് സ്വന്തം കെട്ടിടം ഉണ്ട്. ആയതിനാൽ സ്കീം 2 പ്രകാരമുള്ള ഗ്രാന്റ് ആണ് ലഭിച്ചിട്ടുള്ളത്. ബ്ലോക്ക് തലത്തിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുകയാണ് സ്കീമിന്റെ ലക്ഷ്യം. യൂണിറ്റിനോടനുബന്ധിച്ച് പബ്ലിക് ഹെൽത്ത് ലബോറട്ടറിയും ബ്ലോക്ക് HIMS (ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സെല്ലും ആരംഭിക്കുന്നതിനാണ് ഗ്രാന്റ് ലഭിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തിന് സ്കീം 2 ഇനത്തിൽ നാളിതുവരെ ഹെൽത്ത് ഗ്രാന്റ് ആയി ലഭിച്ച തുകയുടേയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ലഭിച്ച തുക	വിനിയോഗിച്ചത്	വിനിയോഗിക്കാൻ ശേഷിക്കുന്നത്
2021-22	2550000	2549576	424
2022-23	0	0	0
2023-24	0	0	0
2024-25	2895000	0	2895000
ആകെ	2895000	0	2895000

ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക	ചെലവഴിച്ച തുക
2022-23	96	ഏനാദിമംഗലം സി.എച്ച്.സി. പൊതുജനാരോഗ്യ കേന്ദ്രത്തിന് ഫർണീച്ചർ വാങ്ങൽ ഹെൽത്ത് ഗ്രാന്റ്	300000	0
	97	ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് സിസ്റ്റം	650000	0
	98	ലാബിലേക്ക് ഉപകരണങ്ങളും ലാബ് റീ ഏജന്റും വാങ്ങൽ	1600000	0

വർഷം	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക	ചെലവഴിച്ച തുക
2023-24	147	ഏനാദിമംഗലം സി.എച്ച്.സി. പൊതുജനാരോഗ്യ കേന്ദ്രത്തിന് ഫർണീച്ചർ വാങ്ങൽ ഹെൽത്ത് ഗ്രാന്റ്	300000	299996
	145	ബ്ലോക്ക് ഹെൽത്ത് മാനേജ്മെന്റ് സിസ്റ്റം	650000	649580
	146	ലാബിലേക്ക് ഉപകരണങ്ങളും ലാബ് റീ ഏജന്റും വാങ്ങൽ	1600000	1544910

2022-23 വർഷം ആവിഷ്കരിച്ച പ്രോജക്ടുകൾ തുക ചെലവഴിക്കാത്തതിനാൽ 2023-24 വർഷം സ്പിൽ ഓവറായി നിലനിർത്തിയാണ് ചെലവുകൾ നടത്തിയിട്ടുള്ളത്. പ്രോജക്ടുകളുടെ ഭാഗമായി ഫർണിച്ചറുകൾ, ലാപ്പ് ടോപ്പുകൾ ഇവ വാങ്ങിയിട്ടുണ്ട്. പൊതുജനാരോഗ്യ യൂണിറ്റിന്റെ ഭാഗമായി വാങ്ങിയ ഉപകരണങ്ങളും ഫർണിച്ചറുകളും പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കുന്നുണ്ട്.

വർഷം	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക	ചെലവഴിച്ച തുക
2024-25	178	ലാബിലേക്ക് ഉപകരണങ്ങളും ലാബ് റിയേജന്റ്സും വാങ്ങൽ	55090	55090
	223	ലാബ് റീയേജന്റും ഉപകരണങ്ങളും വാങ്ങൽ	2100000	0
	224	ഐ.ഇ.സി. പ്രിന്റിങ് റിപ്പോർട്ടിങ് മോണിറ്ററിങ് സ്റ്റാഫ് പരിശീലന ചിലവുകൾ	178000	0

	225	ലാബ് ഉപകരണങ്ങൾ എന്നിവ പ്രവർത്തിക്കുന്ന തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	200000	0
	226	എനാദിമംഗലം സി.എച്ച്.സി-യിൽ പാർട്ടീഷനിങ്ങും അനുബന്ധ പ്രവൃത്തികളും	417000	0

2024-25 വർഷം ഹെൽത്ത് ഗ്രാന്റിനത്തിൽ തുക ലഭിച്ചത് 2025 മാർച്ച് മാസത്തിലാണ്. തുക വിനിയോഗിക്കുന്നതിന് 2024-25 വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നെങ്കിലും ചെലവഴിച്ചിട്ടില്ല. പ്രോജക്ടുകൾ 2025-26 വർഷം സ്പിൽ ഓവറായി തുടരുന്നു.
വാർഷിക ധനകാര്യ പത്രികയിൽ ഗ്രാന്റിന്റെ വരവ് ചെലവു ചെലവുകണക്കുകൾ ശരിയായ രീതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ലഭിച്ച ഹെൽത്ത് ഗ്രാന്റ് (2024-25 വർഷം മാർച്ച് മാസം ലഭിച്ചതൊഴികെ) വിനിയോഗിച്ച് പ്രയോജനപ്രദമായ രീതിയിൽ പ്രോജക്ടുകൾ നടപ്പിലാക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്കിയതിന്റെ വിവരം

ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
32	181500	181500	-	

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി നിൽക്കുന്ന	റിമാർക്ക്സ്

		ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	ഒടുക്കിയ തുക	തുക
ഇല്ല				

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കി യിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല					

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രോജക്ട് നമ്പർ	പ്രവൃത്തിയുടെ പേര്	ഡെപ്പോസിറ്റ് ചെയ്ത തുക	ചെലവ് (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി.	190	സി.എച്ച്.സി-യിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	1230618	0	1230618
കേരളാ സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ	221	പൊതു സ്ഥാപനങ്ങളിൽ സാനിറ്ററി	336645	336645	0

ലിമിറ്റഡ്		നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ			

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സ്ഥാപനം	പ്രോജക്ടിന്റെ പേര്	ലഭിച്ച തുക	ചെലവ്	ബാലൻസ്
ജില്ലാപ്പഞ്ചായത്ത്	പി.എം.എ.വൈ (ജനറൽ)	882000	882000	0
ജില്ലാപ്പഞ്ചായത്ത്	പി.എം.എ.വൈ (എസ്സ്.സി. പി)	1337000	1337000	0
കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്ത്	പി.എം.എ.വൈ (ജനറൽ)	420000	420000	0
പള്ളിക്കൽ ഗ്രാമപ്പഞ്ചായത്ത്	പി.എം.എ.വൈ (എസ്സ്.സി.പി.)	420000	420000	0
കടമ്പനാട് ഗ്രാമപ്പഞ്ചായത്ത്	പി.എം.എ.വൈ (ജനറൽ)	420000	420000	0
കടമ്പനാട് ഗ്രാമപ്പഞ്ചായത്ത്	പി.എം.എ.വൈ (എസ്സ്.സി.പി.)	350000	350000	0
ഏറത്ത് ഗ്രാമപ്പഞ്ചായത്ത്	പി.എം.എ.വൈ (ജനറൽ)	840000	840000	0
ഏറത്ത് ഗ്രാമപ്പഞ്ചായത്ത്	പി.എം.എ.വൈ (എസ്സ്.സി.പി.)	280000	280000	0
ഏനാദിമംഗലം ഗ്രാമപ്പഞ്ചായത്ത്	പി.എം.എ.വൈ (ജനറൽ)	840000	840000	0
ഏനാദിമംഗലം ഗ്രാമപ്പഞ്ചായത്ത്	പി.എം.എ.വൈ (എസ്സ്.സി.പി.)	280000	280000	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക	ഓഡിറ്റ് വർഷം, ഖണ്ഡിക	വിഷയം	തുക	നിയമസഭാ സമിതിയുടെ റിപ്പോർട്ട് വർഷം,	നിലവിലെ അവസ്ഥ

				നമ്പർ	
2001-02/3.7	1998-99	രജിസ്റ്ററുകളും ബുക്കുകളും ലഭ്യമാക്കിയിട്ടില്ല	104500	LFAC 2004-06 11th Report Para-189 2019-21 50th Report 12-02-2020 Para-180 (4.5)	സർക്കാർ പരിഗണനയിൽ
2017-18/2-6	അനുബന്ധം1	തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ			
2010-11/5.2.15(1)	2007-08/ ഖ. 3-1	വൃദ്ധ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ		LFAC 2023-26 49th Report 27-06-2024 Para-67, 68	സമിതിയുടെ പരിഗണനയിൽ
2010-11/5.2.15(2)	2007-08/ ഖ. 3-5	വികലാംഗർക്ക് ബങ്ക് - പദ്ധതി നടത്തിപ്പിലെ അപാകതകൾ		LFAC 2023-26 49th Report 27-06-2024 Para-71	സമിതിയുടെ പരിഗണനയിൽ

4-9 ചാർജ്/ സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/ സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ്& പേയ്മെന്റ് സ്റ്റേമെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	132916955	89019053
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	101067194	90759111
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല	
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	213750	

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരുംഉദ്യോഗപ്പേരും
1-18	129000	ശ്രീമതി സുചിത്ര കെ.ജി, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
1-19	84750	ശ്രീ റോണി വർഗ്ഗീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ റോണി വർഗ്ഗീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പറക്കോട് ബ്ലോക്ക് പഞ്ചായത്ത്	പൊയ്കയിൽ റോസ് വില്ല, കുളക്കട പി.ഓ, കൊല്ലം-691521 Phone:-9539003848 E-Mail-Ronivarghese40@Gmail.Com
ശ്രീമതി സുചിത്ര കെ.ജി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	മെഡിക്കൽ ഓഫീസർ, ഏനാദിമംഗലം സി.എച്ച്.സി	ഏലം പ്ലാവിൽ കരിങ്ങന്നൂർ പി ഒ വെളിനല്ലൂർ കൊട്ടാരക്കര കൊല്ലം 691516

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം
2003-04	എൽ.എഫ്.പി.റ്റി.എ – പി6/940/06, തീയതി 09-07-07	3 (2-6, 2-9)
2004-05	എൽ.എഫ്.പി.റ്റി.എ – പി6/ 877/06, തീയതി 06-12-07	1 (3-23)
2005-06	എൽ.എഫ്.പി.റ്റി.എ – പി6/ 878/06, തീയതി 11-12-07	1 (3-7)
2008-09	എൽ.എഫ്.പി.റ്റി.എ – പി2/29/11, തീയതി 11-05-11 / 11-07-11	7 (3-3, 3-4, 3-6, 3-7, 3-10, 3-12, 3-14)
2009-10	എൽ.എഫ്.പി.റ്റി.എ – പി2/ 30/11, തീയതി 10-10-11/16-03-12	3 (3-9, 3-10, 3-15)
2010-11 & 2011-12	എൽ.എഫ്.പി.റ്റി.എ – പി2/236/13, തീയതി 30-11-13 /13-12-13	13

2012-13	എൽ.എഫ്.പി.റ്റി.എ – പി2/ 226/14, തീയതി 09-05-14	9
2013-14	എൽ.എഫ്.പി.റ്റി.എ – പി2/ 256/15, തീയതി 13-07-15	4 (2-1, 3-8, 3-10, 3-14)
2014-15	കെ എസ് എ പി.റ്റി.എ – പി2/1012/16, തീയതി 07-09-16	7 (2-1, 3-3, 3-4, 3-5, 3-6, 3-7, 3-8)
2015-16	കെ എസ് എ പി.റ്റി.എ – പി13/215/17, തീയതി 15-04-17	5 (2-1, 3-3, 3-4, 3-7, 3-13)
2016-17	കെ എസ് എ പി.റ്റി.എ – പി12/1303/17, തീയതി 07-12-17	11
2017-18	കെ.എസ്സ്.എ.പി.റ്റി.എ.പി12/322/19, തീയതി 10.05.2019	8
2018-19	കെ.എസ്സ്.എ.പി.റ്റി.എ.പി12/862/19, തീയതി 11.10.2019	6 (1-12,1-13, 1-16, 1-17, 1-18, 1-19)
2019-20	കെ.എസ്സ്.എ.പി.റ്റി.എ.പി12/914/21, തീയതി 23.01.2022	2
2020-21	കെ.എസ്സ്.എ.പി.റ്റി.എ.പി12/915/21, തീയതി 23.01.2022	3 (1-12, 1-19, 3-1)
2021-22	കെ.എസ്സ്.എ.പി.റ്റി.എ.പി P12/270/2023, തീയതി 28/03/23	1-10, 1-12, 1-16, 1-18, 1-20 മുതൽ 1-26 വരെ, 3-1, 4-2, 4-7, 4-10
2022-23	കെ.എസ്സ്.എ.പി.റ്റി.എ.പി P12/731/2023, തീയതി 06/10/23	എല്ലാ ഖണ്ഡികകളും
2023-24	കെ.എസ്സ്.എ.പി.റ്റി.എ.പി P12/664/2023, തീയതി 20/07/2024	11 (1-9, 1-10, 1-12 മുതൽ 1-18 വരെ, 1-21, 3-1)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 22-05-2025 and submitted on 26-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the PARAKKODE Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of PARAKKODE Block Panchayat as on 31-03-2025

Date: 15/07/2025

Senior Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of PARAKKODE Block Panchayat for the Year 2024-2025 .

1.Major Observations

Asset register is not comprehensive. The value of assets included in the balance sheet does not match with the asset register.

2.Other Observations

1. Cash Flow Statement - Net increase in cash flow does not match with the difference between opening balance and closing balance of cash and cash equivalents.
2. The deposit register is not kept properly in order to verify the accuracy of the amount shown in schedule B7.
3. The value of part-billed works has not been included under the head Capital Work in Progress.
4. The accuracy of the amounts in Schedule B9 is not assured as no register was kept regarding dues to the government.
5. The arrear demand register of rent does not match with the Annual Financial Statement.
6. The total expenditure amounts in the Development Fund (General) and Non-Road Maintenance Grants as per the Annual Financial Statement do not match with the Sulekha Expenditure Statement.
7. The amounts paid to various agencies for deposit works remain to be adjusted.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്